പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3130 **29-10-2026-ൽ മറുപടിയ്ക്ക്**

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് (SDRF സംസ്ഥാന ദുരന്ത പ്രതികരണ നിധി) ഉപയോഗിച്ച് SDRF മാനദണ്ഡ പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലത്തിന്റെയും പുനരുദ്ധാരണ പ്രവർത്തികളാണ് ചെയ്യുന്നത് .

(ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ വെള്ളപ്പൊക്കം കാരണം കടലെടുത്ത പരപ്പാൽ ബീച്ചിന്റെ പുനരുദ്ധാരണത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഇല്ല .

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ഒരു സാമ്പത്തിക വർഷം എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; എത്ര തുകയുടെ പ്രവൃത്തികളാണ് നടക്കുന്നത്; ഫണ്ട് ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

മറുപടി: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് (SDRF സംസ്ഥാന ദുരന്ത പ്രതികരണ നിധി) ഉപയോഗിച്ച് SDRF മാനദണ്ഡപ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലത്തിന്റെയും പുനരുദ്ധാരണ പ്രവർത്തികൾ ആണ് ഒരു സാമ്പത്തിക വർഷത്തിൽ ചെയ്യുന്നത്. SDRF മാനദണ്ഡപ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പ്രവർത്തികൾക്കായി പരമാവധി 10,00,000/-(പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണനുമതിയാണ് ലഭ്യമാക്കുന്നത്. സർക്കാർ ഉത്തരവുകളായ സ.ഉ(കൈ) നമ്പർ. 384/ 2012/ ഡി.എം.ഡി തീയതി 10/10/ 2012, സ.ഉ(കൈ) നമ്പർ. 3/ 2018/ ഡി.എം.ഡി തീയതി 27/03/2018 എന്നിവയിൽ പരാമർശിക്കുന്ന മാനദണ്ഡ പ്രകാരം പൂർത്തീകരിക്കുന്ന പ്രവർത്തികൾക്കാണ് ഫണ്ട് ലഭ്യമാക്കുന്നത്. പ്രകൃതി ദുരന്തങ്ങളിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനാണ് ഈ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുക. മൂന്ന് വർഷത്തിനുള്ളിൽ ഏതെങ്കിലും ഫണ്ട് അനുവദിച്ച പദ്ധതികൾക്ക് ഈ ഫണ്ട് ഉപയോഗപ്പെടുത്താൻ സാധിക്കുകയില്ല. കുറഞ്ഞത് രണ്ട് മീറ്ററെങ്കിലും വീതിയുള്ളതും

പഞ്ചായത്ത് /മുനിസിപ്പൽ ഏരിയയിൽ ഉള്ളതുമായ റോഡുകളുടെ പുനരുദ്ധാരണം മാത്രമാണ് ഈ ഫണ്ട് ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കുന്നത് .

സെക്ഷൻ ഓഫീസർ